**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 617** **13-10-2026-ൽ മറുപടിയ്ക്ക്**

**ഇ.എസ്.എ പരിധി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജകമണ്ഡലത്തിലെ വാഴിച്ചൽ, കള്ളിക്കാട്, അമ്പൂരി വില്ലേജുകളിലെ ജനവാസ-കാർഷിക മേഖലകൾ പരിസ്ഥിതി സംവേദക പ്രദേശത്തിന്റെ (ഇ.എസ്.എ) പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളുടെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

27.07.2026-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കരട് വിജ്ഞാപനത്തിൽ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ എന്നീ വില്ലേജുകളിലെ ചില പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ 24.09.2026-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച പരിഷ്കരിച്ച ESA നിർദേശത്തിൽ കള്ളിക്കാട് വില്ലേജിനെ പൂർണ്ണമായി ഒഴിവാക്കണമെന്നും വില്ലേജുകളിലെ ജനവാസ, കൃഷി, തോട്ടം മേഖലകളെയും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രദേശങ്ങളിലെ ജനവാസ മേഖലകളും കൃഷിഭൂമികളും ശാസ്ത്രീയ പരിശോധനയ്ക്കും സ്ഥലപരിശോധനയ്ക്കും വിധേയമാക്കി പരിസ്ഥിതി ഇ.എസ്.എ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിനായി നടപടി സ്വീകരിക്കുമോ;

**മറുപടി:** ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല പരിശോധനാ സമിതികൾ മുഖേനയും തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ESA വില്ലേജുകളുടെയും, വന പ്രദേശങ്ങളുടെയും അതിർത്തികളുടെ വിശദമായ പരിശോധനയും പുനർനിർണ്ണയവും നടത്തി. ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, മറ്റ് സാംസ്കാരിക ഭൂപ്രദേശങ്ങൾ എന്നിവ ESAയിൽ നിന്ന് ഒഴിവാക്കി GIS തലത്തിലുള്ള ESA അതിർത്തികളും പുനഃക്രമീകരിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുതുക്കിയ ESA നിർദ്ദേശം തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് 24.09.2026-ൽ സമർപ്പിച്ചു.

**(സി)** ഇ.എസ്.എ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതുമൂലം പ്രദേശത്തെ ജനങ്ങളുടെ താമസം, കൃഷി, ജീവനോപാധി, സ്വത്ത് എന്നിവയ്ക്ക് ഉണ്ടാകാവുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങളുടെ

താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ജനവാസ, കൃഷി, തോട്ടം മേഖലകളെ പൂർണമായും ESA പരിധിയിൽ നിന്നും ഒഴിവാക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം.

**(ഡി)** വാഴിച്ചൽ, കള്ളിക്കാട്, അമ്പൂരി വില്ലേജുകളിലെ ജനവാസ-കാർഷിക മേഖലകളെ ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിർദേശങ്ങളോ നിവേദനങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളെ ഒഴിവാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്.

സംസ്ഥാന സർക്കാർ 24.09.2026-ൽ സമർപ്പിച്ച പരിഷ്കരിച്ച ESA നിർദേശത്തിൽ അമ്പൂരി വില്ലേജിലെ ജനവാസ, കൃഷി, തോട്ടം മേഖലകളെയും കള്ളിക്കാട് വില്ലേജ് പൂർണ്ണമായും ESA വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**